**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 246** **23-08-2022 - ൽ മറുപടിയ്ക്ക്**

**കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ പർച്ചേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആൻഡ്രിയ ട്രേഡേഴ്സ് എന്ന കമ്പനിയിൽ നിന്നും എന്തൊക്കെ സാമഗ്രികളാണ് കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ വാങ്ങിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | Face Shield, 3 layer Mask, PPE Kit എന്നീ ഇനങ്ങളാണ് ആൻഡ്രിയ ട്രേഡേഴ്സിൽ നിന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങിയിട്ടുള്ളത്. |
| (ബി) | വാങ്ങിയ സാമഗ്രി, വാങ്ങിയ തീയതി, നിരക്ക് എന്നീ വിശദാംശങ്ങൾ നൽകാമോ; | (ബി) | വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | പ്രസ്തുത സ്ഥാപനത്തിന് നൽകിയ കരാറുകളിൽ ടെൻഡർ നടപടികൾ പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | ടെൻഡർ, ക്വട്ടേഷൻ, നോഗോസിയേഷൻ എന്നിവ വഴിയാണ് മരുന്നുകളുടെയും മറ്റും പർച്ചെയ്സ് നടത്തുന്നത്. കോർപ്പറേഷന്റെ കീഴിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലേയ്ക്ക് മരുന്നുകൾ വാങ്ങുന്നത് 19.06.2012-ലെ G.O(MS)No. 186/2012/H&FWD ഉത്തരവിന്റെ അടിസ്ഥാനത്തിൽ കമ്പനികളുമായി നെഗോസിയേഷൻ പൂർത്തീകരിച്ചതിന് ശേഷമാണ്. മേൽ സ്ഥാപനം വഴി Face Shield, 3 layer Mask, PPE Kit എന്നീ ഇനങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കാരുണ്യയിലൂടെയാണ് വാങ്ങിയത്. ടി പർച്ചേസിന് ടെണ്ടർ ക്ഷണിച്ചിട്ടില്ല. പകരം ക്വട്ടേഷൻ വഴിയാണ് സംഭരിച്ചത്. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിന്റെ മുൻപരിചയവും വിശ്വാസ്യതയും പരിശോധിച്ചിട്ടുണ്ടോ; | (ഡി) | കാരുണ്യ പർച്ചേസ് ഡിവിഷനിൽ കോവിഡ് സാമഗ്രികൾ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന വിതരണക്കാരനെ തിരഞ്ഞെടുത്താണ് വിതരണോത്തരവ് നൽകിവരുന്നത്. |
| (ഇ) | നാഷണൽ ഹെൽത്ത് മിഷനിൽ ജോലി ചെയ്യുന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥാപനമാണെന്നത് ഈ കമ്പനിക്ക് കരാർ നൽകുന്നതിന് സഹായകരമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഇ) | കാരുണ്യ പർച്ചേസ് ഡിവിഷനിൽ കോവിഡ് സാമഗ്രികൾ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന വിതരണക്കാരനെ തിരഞ്ഞെടുത്താണ് വിതരണോത്തരവ് നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl no | PO Date | Item name | Unit Rate incl GST |
|---|---|---|---|
| 1 | 12/01/2021 | FACE SHIELD (FLEXI BAND) | 11.74 |
| 2 | 19/07/2021 | FACE MASK 3L ( ANDRIYA ) | 2.40 |
| 3 | 28/09/2020 | FACE SHIELD (FLEXI BAND) | 12.50 |
| 4 | 19/07/2021 | FACE MASK 3L ( ANDRIYA ) | 2.40 |
| 5 | 28/09/2020 | FACE SHIELD (FLEXI BAND) | 12.50 |
| 6 | 28/09/2020 | FACE SHIELD (FLEXI BAND) | 12.50 |
| 7 | 28/10/2020 | FACE SHIELD (FLEXI BAND) | 12.50 |
| 8 | 07/12/2020 | PPE KIT ( ANDRIYA ) | 409.50 |
| 9 | 25/02/2021 | PPE KIT ( ANDRIYA ) | 220.50 |
| 10 | 19/07/2021 | FACE MASK 3L ( ANDRIYA ) | 2.40 |

സെക്ഷൻ ഓഫീസർ